**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ -പ്രോജക്ടുകൾക്ക് നഗരസഭ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.28/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **05/01/2021**

പരാമർശം:- 1.തൃക്കാക്കര നഗരസഭാ ചെയർ പേഴ്സന്റെ 05/11/2020 ലെ അപേക്ഷ

2.നഗരകാര്യ ഡയറക്ടറുടെ 07/12/2020 ലെ ഡിസി3/19020/2020 നമ്പർ കത്ത്

**ഉത്തരവ്**

തൃക്കാക്കര നഗരസഭ പ്രദേശത്ത് എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ സർക്കാർ അംഗീകൃത സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കൊല്ലം എന്ന സ്ഥാപനത്തിന് നൽകുവാനുള്ള ബാക്കി പ്രോജക്ട് തുകയായ 3,14,59,469 / -രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും നഗരസഭയ്ക്ക് സ്പിൽ ഓവർ തുക അനുവദിക്കുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന നഗരസഭാ ചെയർ പേഴ്സന്റെ അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭ പ്രദേശത്ത് എൽഇഡി ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗവണ്മെന്റിന്റെ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കൊല്ലം എന്ന സ്ഥാപനത്തിന് നൽകുവാനുള്ള ബാക്കി പ്രോജക്ട് തുകയായ 31459469 /-രൂപ (മൂന്നു കോടി പതിനാലു ലക്ഷത്തി അമ്പത്തിഒമ്പതിനായിരത്തി നാനൂറ്റി അറുപത്തിയൊൻപതു രൂപ), കൗൺസിൽ തീരുമാനത്തിന് വിധേയമായി, നഗരസഭ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും, നഗരസഭയ്ക്ക് സ്പിൽ ഓവർ തുക അനുവദിക്കുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്യുന്നതിനുമുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തൃക്കാക്കര നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.05 14:20:34 IST
Reason: Approved